മണ്ടളം സെന്റ് ജൂഡ്സ് ദേവാലയത്തിൽ സംഘടിപ്പിച്ച വയോജന സംഗമത്തിൽ നിന്ന്

അനാഥർക്ക് സഹായമൊരുക്കി യൂത്ത്വിംഗ് പ്രവർത്തകർ

ശ്രീകണ്ഠപുരം: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് ശ്രീകണ്ഠപുരം യൂണിറ്റ് അനാഥർക്ക് സഹായവുമായെത്തി. പുതുവൽസര ആഘോഷത്തിന്റെ ഭാഗമായാണ് വ്യാപാരികൾ ചെങ്ങളായി സമഗ്ര ഹോം അനാഥമന്ദിരത്തിലെ അന്തേവാസികളെ കാണാനെത്തിയത്. അന്തേവാസികൾക്ക് സഹായം നൽകിയ ശേഷം അവർക്കൊപ്പം ഭക്ഷണവും കഴിച്ചു. യൂണിറ്റ് പ്രസിഡണ്ട് കെ.പി. ഇബ്രാഹിം അധ്യക്ഷത വഹിച്ചു. ഏകോപന സമിതി സെക്രട്ടറി പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു. കലാ സാംസ്കാരിക പരിപാടി യൂത്ത് വിംഗ് ജില്ലാ പ്രസിഡണ്ട് കെ.എസ്. റിയാസ് ഉദ്ഘാടനം ചെയ്തു. ജില്ലാ യൂത്ത് വിംഗ് സെക്രട്ടറി നാസർ, യൂണിറ്റ് ജനറൽ സെക്രട്ടറി നിയാസ്, വൈസ് പ്രസിഡണ്ട് പി.പി. ഷക്കീർ, നാസർ, നിയാസ്, മുബീർ, കാദർ എന്നിവർ സംസാരിച്ചു.

നോട്ട് നിരോധന വിമർശനം; സംഘ്പരിവാർ അസഹിഷ്ണുത അപലപനീയമെന്ന്

കണ്ണൂർ: നോട്ട് നിരോധനത്തെ വിമർശിക്കുന്നതിനെ സംഘ്പരിവാർ ശക്തികൾ അസഹിഷ്ണുതയോടെ കാണുന്നത് അപലപനീയമാണെന്ന് കേരള നദ്വത്തുൽ മുജാഹിദീൻ ജില്ലാ കമ്മിറ്റി അഭിപ്രായപ്പെട്ടു. ജില്ലാ ചെയർമാൻ ഡോ.എ.എ. ബഷീർ, കൺവീനർ സി.സി.ശക്കീർ ഫാറൂഖി, സംസ്ഥാന സെക്രട്ടറി ഡോ.സുൽഫിക്കർ അലി, പി.കെ.ഇബ്രാഹിം ഹാജി എലാങ്കോട്, ശംസുദ്ദീൻ പാലക്കോട്, അബ്ദുൽലത്തീഫ് വെള്ളൂർ, കെ. എൽ.പി ഹാരിസ്, അബ്ദുൾറഹിമാൻ കുളത്തായി, ടി.മുഹമ്മദ് നജീബ്, മുജാഹിദ് കൂത്തുപറമ്പ്, പി. ടി. പി. മുസ്തഭഫ, അലി ശ്രീകണ്ഠപുരം, അബ്ദുൾജലീൽ ഒതായി, ഹുമയൂൺ കബീർ ഫാറൂഖി, പി.സാദിഖ്, അബ്ദുൾറഹിമാൻ ഉളിയിൽ, യഹ്കൂബ് എലാങ്കോട്, അബ്ദുസലാം മൂരിയാട്, അബ്ദുറഷീദ് ടമ്മിട്ടോൺ പ്രസംഗിച്ചു.

വയോജനങ്ങൾക്ക് സ്വീകരണം

മണ്ടളം: അഖില കേരള കത്തോലിക്ക കോൺഗ്രസ് ആഭിമുഖ്യത്തിൽ മണ്ടളം സെന്റ് ജൂഡ്സ് ഇടവകയിലെ വയോജനങ്ങളുടെ സംഗമവും സ്നേഹാദരണവും സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. തോമസ് തെരുവംകുന്നേൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് ചാത്തനാട്ട്, ദേവസ്യ കൊങ്ങോല, തങ്കച്ചൻ വലിയമർത്താങ്കൽ, ബാബു കിഴക്കേപ്പറമ്പിൽ, ജോർജ് തോണിക്കൽ, തോമസ് താഴത്തേൽ പ്രസംഗിച്ചു.

താലൂക്ക് വികസന സമിതി യോഗം നാളെ

തളിപ്പറമ്പ: ജനുവരി മാസത്തെ തളിപ്പറമ്പ താലൂക്ക് വികസന സമിതി യോഗം നാളെ രാവിലെ 10.30ന് മിനിസിവിൽ സ്റ്റേഷന്റെ രണ്ടാം നിലയിലുള്ള കോൺഫറൻസ് ഹാളിൽ ചേരും.

ക്വാറിക്കെതിരെ പരപ്പയിൽ മനുഷ്യച്ചങ്ങല നാളെ

ആലക്കോട്: ജനകീയ സമരത്തെയും ഹൈക്കോടതി ഉത്തരവിനെയും തുടർന്ന് അടച്ചുപൂട്ടിയ പരപ്പയിലെ കരിങ്കൽ കാറിയും ക്രഷറും വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാൻ നീക്കം നടക്കുന്നതിൽ പ്രതിഷേധിച്ച് നെടുവോട് - പരപ്പ ജനകീയ വികസന സമിതി സംഘടിപ്പിക്കുന്ന മനുഷ്യച്ചങ്ങല നാളെ വൈകുന്നേരം നാല് മണിക്ക് പരപ്പ ടൗണിൽ നടക്കും. പരപ്പ ടൗൺ മുതൽ കാറി സ്ഥിതി ചെയ്യുന്ന ആലക്കോട്- ഉദയഗിരി പഞ്ചായത്തുകളുടെ അതിർത്തി വരെ നീളുന്ന വിധത്തിലാണ് മനുഷ്യച്ചങ്ങല സംഘടിപ്പിച്ചിരിക്കുന്നതെന്ന് ജനകീയ സമിതി ഭാരവാഹികൾ അറിയിച്ചു. ഉദ്യോഗസ്ഥരെ സ്വാധീനിച്ച് വളഞ്ഞ വഴിയിലൂടെ പാറി സ്ഥിതിക അനുമതി സമ്പാദിച്ച് കാറി പുനരാരംഭിക്കാൻ നീക്കം നടക്കുന്നുവെന്നാണ് ജനകീയ സമിതിയുടെ ആരോപണം. കാറിക്കെതിരായ സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മനുഷ്യച്ചങ്ങല സംഘടിപ്പിച്ചിരിക്കുന്നത്.

ദേവാഞ്ജനയ്ക്ക് വേണം കാരുണ്യമതികളുടെ സഹായവും പ്രാർത്ഥനയും

ഇരിട്ടി: പിച്ചവച്ച് നടക്കേണ്ട പ്രായത്തിൽ വേദന കൊണ്ട് പിടയുന്ന പൊന്നുമോളുടെ കണ്ണീരുകണ്ട് ഈ അച്ഛനമ്മമാരുടെ ഹൃദയം പിടയുകയാണ്. പടിക്കച്ചാലിലെ ഇളമ്പയിൽ ഹൗസിൽ ദിനേശന്റെയും ശ്രീജയുടെയും ഒമ്പത് മാസം പ്രായമുള്ള മകൾ ദേവാഞ്ജനയാണ് ഡോക്ടർമാർക്കുപോലും തിരിച്ചറിയാൻ കഴിയാത്ത അപൂർവ രോഗത്തിൽ കഴിയുന്നത്.

കൂടിയും കുറഞ്ഞുമിരുന്ന പനിയായിരുന്നു രോഗത്തിന്റെ തുടക്കം. തുടർന്ന് കണ്ണൂരിലെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിശോധനകൾ പലതും നടത്തിയെങ്കിലും കൃത്യമായ രോഗനിർണ്ണയത്തിലെത്താൻ ഡോക്ടർമാർക്ക് കഴിഞ്ഞില്ല. ദിവസങ്ങൾ കഴിയുംതോറും രോഗത്തിന്റെ തീക്ഷ്ണത കൂടി വന്നു. തുടർന്ന് കുഞ്ഞിന്റെ ശരീരത്തിന്റെ ചലനങ്ങൾ പോലും നിന്നുപോകുന്ന ഘട്ടത്തിൽ കോഴിക്കോട്ടെ സ്വകാര്യാശുപത്രിയിലേക്കുമാറ്റി.

അവിടുത്തെ വിദഗ്ധ ഡോക്ടർമാർ മുഴുവൻ ശ്രമിച്ചിട്ടും രോഗനിർണ്ണയം നടത്താൻ കഴിഞ്ഞില്ല. ഇതിനിടയിൽ നിരവധി പരിശോധനകൾ നടത്തി. ഒരു മാസം കൊണ്ട് അഞ്ചുലക്ഷത്തിലേറെ രൂപയാണ് ചെലവായത്. ഉള്ളതെല്ലാം വിറ്റുപെറുക്കിയും കടം വാങ്ങിയുമാണ് നിർധനരായ ഈ മാതാപിതാക്കൾ ഇതുവരെയുള്ള ചികിത്സയ്ക്ക് വക കണ്ടെത്തിയത്.

ഇതിനിടയിൽ വെള്ളൂരിലേക്കയച്ച ഒരു പരിശോധനയിൽ തലച്ചോറിൽ ഉണ്ടായ വൈറസ് ബാധയാണ് രോഗകാരണമെന്ന് കണ്ടെത്തി. ഇതോടെ പ്രത്യാശയുടെ കൈത്തിരിവെട്ടം ആ കുടുംബത്തിന് മുമ്പിൽ തെളിഞ്ഞു. എന്നാൽ ഡോക്ടർമാർ നിർദേശിക്കുന്ന തുടർചികിത്സയുടെ ചെലവ് അതിഭീമമായിരുന്നു. ഒരു ദിവസം 2500 രൂപ വിലയുള്ള കുത്തിവെപ്പ് 90 ദിവസം നൽകണം. കൂടാതെ മറ്റു ചെലവുകളും കരുതണം. തുടർ ചികിത്സക്ക് പണം എങ്ങനെ കണ്ടെത്തുമെന്നറിയാതെ പകച്ചു നിൽക്കുകയാണ് ഈ കുടുംബം. ഉദാരമതികൾ തങ്ങളെ കൈവിടില്ലെന്ന ശുഭാപ്തി വിശ്വാസത്താൽ ദിവസങ്ങൾ തള്ളിനീക്കുകയാണ് ഇവർ.

കാരുണ്യമതികൾക്ക് സഹായങ്ങൾ പുന്നാട് എസ്.ബി.ടി ശാഖയിൽ A/C No: 67168777171 എന്ന അക്കൗണ്ട് നമ്പറിൽ (IFC CODE SBTR 0000647) എത്തിക്കാം. ഫോൺ: 9447846536

എസ്. കെ. എസ്. എസ്. എഫ് തോട്ടീക്കൽ ശാഖ സിൽവർ ജൂബിലിക്ക് തുടക്കം

തോട്ടീക്കൽ: എസ്.കെ.എസ്.എസ്.എഫ് തോട്ടീക്കൽ ശാഖ സിൽവർ ജൂബിലി സമ്മേളനത്തിന് ഹുദൈബിയ നഗറിൽ തുടക്കമായി. ഇന്ന് രാത്രി ഏഴ് മണിക്ക് മജ്ലിസുന്നൂറിന് ഹസൻ സഖാഫി പൂക്കോട്ടൂർ നേതൃത്വം നൽകും. എസ്.വൈ.എസ് ജില്ലാ പ്രസിഡണ്ട് അഹമ്മദ് തേറളായി ഉദ്ഘാടനം ചെയ്യും. ഖത്തീബ് മുഹമ്മദലി ദാരിമി അധ്യക്ഷത വഹിക്കും.

അശ്റഫ് ദാരിമി കുക്കുപ്പടി, അർശദ് ബദരി, ജാഫർ ഫൈസി ഇർഫാനി, നൂറുദീൻ ദാരിമി, അബ്ദുസലാം യമാനി, ഇസ്ഹാഖ് ദാരിമി സംബന്ധിക്കും. നാളെ വൈകുന്നേരം ആറ് മണിക്ക് സമാപന സമ്മേളനം ഹാശിം ദാരിമിയുടെ അധ്യക്ഷതയിൽ പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. അബ്ദുസമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തും. ലത്തീഫ് മാസ്റ്റർ പന്നിയൂർ, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ഫിർദൗസ് ഫൈസി, അമീൻ, അസ്ക്കർ, തുഫൈൽ അരിപ്പാമ്പ്ര സംബന്ധിക്കും.

നോട്ട് നിരോധനം; മുസ്ലിംയൂത്ത് ലീഗ് ക്യുവലയം നാളെ

തളിപ്പറമ്പ: നോട്ട് നിരോധനത്തെ തുടർന്ന് ഇന്ത്യൻ ജനത അനുഭവിക്കുന്ന ദുരിതത്തിനു നേരെ നരേന്ദ്ര മോദി ഗവൺമെന്റ് കാണിക്കുന്ന നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് മുസ്ലിംയൂത്ത് ലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റി നാളെ ക്യുവലയം തീർക്കും. വൈകുന്നേരം നാല് മണിക്ക് കപ്പാലം വ്യാപാരഭവൻ പരിസരത്ത് നിന്ന് പ്രകടനമായി വന്ന് ഹൈവേ കാർ സ്റ്റാന്റിലാണ് ക്യുവലയം തീർക്കുക. പ്രമുഖ രാഷ്ട്രീയ - സാംസ്കാരിക വ്യക്തിത്വങ്ങൾ അഭിസംബോധന ചെയ്യും. ഇതിനോടനുബന്ധിച്ച് നടന്ന മുനിസിപ്പൽ പ്രവർത്തക സമിതി യോഗത്തിൽ പ്രസിഡണ്ട് എൻ.യു. ഷഫീഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. സംസ്ഥാന മുസ്ലിം യൂത്ത് ലീഗ് വൈസ് പ്രസിഡണ്ട് പി.കെ. സുബൈർ ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി പി.സി. നസീർ, ബപ്പു അഷ്റഫ്, റഷീദ് പുളിമ്പറമ്പ്, മുസ്തഫ കുറ്റിക്കോൽ, സി. മുനീർ, കെ.പി. നൗഷാദ്, കെ. ഉസ്മാൻ പ്രസംഗിച്ചു.

റേഷൻ മുൻഗണന പരാതി നാളെ വരെ

തളിപ്പറമ്പ: ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പ് പ്രസിദ്ധീകരിച്ച കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിൻമേൽ പരാതികളും ആക്ഷേപങ്ങളും നൽകുന്നതിന് കഴിയാതെ പോയവർക്ക് ഒരവസരം കൂടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ്/വില്ലേജ് ഓഫീസ്/താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ നാളെ പരാതികൾ സ്വീകരിക്കും.

നടുവിൽ ഹയർസെക്കണ്ടറി സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷം കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ക്രിസ്തുമസ് - പുതുവൽസരാഘോഷം

തളിപ്പറമ്പ വൈ.എം.സി.എ ക്രിസ്തുമസ്- പുതുവൽസര ആഘോഷം ഫാ. ജോസഫ് മഞ്ഞപ്പള്ളിൽ ഉദ്ഘാടനം ചെയ്യുന്നു

സുവർണ്ണ ജൂബിലി ആഘോഷത്തിന് തുടക്കമായി

നടുവിൽ: നടുവിൽ ഹയർസെക്കണ്ടറി സ്കൂളിന്റെ ഒരുവർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷം കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത അധ്യക്ഷത വഹിച്ചു.

പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദുബാലൻ ലോഗോ പ്രകാശനം നിർവഹിച്ചു. മോളി സജി, വി.എ. റഹിം, കെ. അബ്ദുള്ള, ഷീബ ജയരാജൻ, കെ.പി. അബ്ദുൾഷുക്കൂർ, ടി.വി. ശ്രീധരൻ, പി. പി. ദാമോദരൻ, കെ.പി. കേശവൻ, ടി.പി. ലക്ഷ്മണൻ, കെ. ഗോവിന്ദൻ, പി.ആർ. സുരേഷ്, ബി. അബ്ദുൾനാസർ, കെ. പി. മുകുന്ദൻ, ടി.വി. നാരായണൻ, എം. രാധാകൃഷ്ണൻ, എൻ. ഷീന, എം. നൗഷാദ് അലി, എ.ആർ. ശ്രീധരൻ, കെ. ഷീജ, സി. ഷബ്ന പ്രസംഗിച്ചു. കെ.പി. ദാമോദരൻ സ്വാഗതവും കെ. മനീഷ് നന്ദിയും പറഞ്ഞു.

ചപ്പാരപ്പടവ് പഞ്ചായത്ത് കുടുംബശ്രീ വാർഷികം പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീ വാർഷികം ആഘോഷിച്ചു

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് പഞ്ചായത്ത് കുടുംബശ്രീ 18-ാം വാർഷികം പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ.മാത്യു അധ്യക്ഷത വഹിച്ചു. മുനീറ പാറോൽ, പ്രമീള രാജൻ, പി.കെ.സത്യൻ, രുഗ്മിണി ശശിധരൻ, വി.പി.ഗോവിന്ദൻ, സുമിത്ര ഭാസ്ക്കരൻ, എം.ലക്ഷ്മണൻ, എം.ഇന്ദിര, സജി ഓതറ, ടി.പ്രഭാകരൻ, കെ.പി.കുഞ്ഞികൃഷ്ണൻ, പി.നസീറ, പി.ശ്യാമള, എൻ.ടി.സാലി മൈമൂനത്ത്, സിനി റോയിച്ചൻ, കെ.സുബൈദ, മനു തോമസ്, ജയിംസ് പുറപ്പോക്കര, എ.എൻ.വിനോദ്, സി.ഷൈജു, എൻ.അനിൽകുമാർ പ്രസംഗിച്ചു. യുവ കർഷക അവാർഡ് ജേതാവ് ബിന്ദു പുഷ്പൻ, സംസ്ഥാന വോളിബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഭിജിത്ത് വി.ജയരാജ്. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ രേഷ്മ നിഷാന്ത് എന്നിവരെയും ഉന്നത വിജയികളെയും ആദരിച്ചു. എം.വി.ശകുന്തള സ്വാഗതവും എൻ.സി.ഗിരീഷ് ലാൽ നന്ദിയും പറഞ്ഞു. വർണ്ണശബളമായ ഘോഷയാത്രയും വിവിധ കലാപരിപാടികളും നടന്നു.

മതം നിർഭയത്വമാണ് പ്രഭാഷണം നാളെ

തളിപ്പറമ്പ: വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ നടത്തിവരുന്ന മതം നിർഭയത്വമാണ് എന്ന പ്രമേയവുമായി നാളെ മന്നയിൽ പ്രഭാഷണം നടത്താൻ ശാഖ ദഅവാ സമിതി എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. റിയാസ് സ്വലാഹി ആമുഖഭാഷണം നടത്തും. ശിഹാബ് എടക്കര മുഖ്യപ്രഭാഷണം നടത്തും. യോഗത്തിൽ കെ. മുസ്തഫ അധ്യക്ഷത വഹിച്ചു. ഹസൻകുഞ്ഞി, അബ്ദുറസാഖ്, മഹ്റൂഫ് സംസാരിച്ചു. പി.കെ. ഹാഷിം സ്വാഗം പറയും.

കരുവഞ്ചാൽ സി.ഐ.ടി.യു സായാഹ്ന ധർണ്ണ കെ. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.

സി. ഐ. ടി. യു സായാഹ്ന ധർണ്ണ നടത്തി

ആലക്കോട്: നോട്ട് നിരോധനത്തിലൂടെ ജനജീവിതം ദുരിതത്തിലാക്കിയ കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിച്ച് സി. ഐ.ടി.യു ആലക്കോട് ഏരിയാ കമ്മിറ്റി ആഭിമുഖ്യത്തിൽ കരുവഞ്ചാൽ ടൗണിൽ സായാഹ്ന ധർണ്ണ നടത്തി. പി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. കെ. ജയരാജൻ ഉദ്ഘാടനം ചെയ്തു. ടി.ഒ. തോമസ്, കെ. സുധാകരൻ നായർ, കെ.കെ. പുരുഷോത്തമൻ, എൻ.ജി. ഗിരീഷ് പ്രസംഗിച്ചു. ടി. പ്രഭാകരൻ സ്വാഗതം പറഞ്ഞു.

മാസാന്ത ദിക്ർ ഹൽഖ ഇന്ന്

പരപ്പ: മാസാന്ത ദിക്ർ ഹൽഖയും ജിലാനി അനുസ്മരണവും ഇന്ന് രാത്രി ഏഴ് മണിക്ക് പരപ്പ റിഫാഇയ്യ മദ്രസയിൽ നടക്കും. സയ്യിദ് ശംസുദ്ദീൻ തങ്ങൾ ഉദ്യാപുരം നേതൃത്വം നൽകും. അഷ്റഫ് സഖാഫി ഉദ്ഘാടനം ചെയ്യും. ഹംസ മൗലവി അധ്യക്ഷത വഹിക്കും. അന്നദാനവും നടക്കും.

മാമ്പൊയിൽ പബ്ലിക് ലൈബ്രറിയുടെ പുതുവൽസരാഘോഷം ഫാ. ജോസഫ് തുണ്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു.

മണക്കടവ്: മാമ്പൊയിൽ പബ്ലിക് ലൈബ്രറിയുടെ ക്രിസ്തുമസ്- പുതുവൽസരാഘോഷം വ്യത്യസ്തമായ ചടങ്ങുകൾ കൊണ്ട് ശ്രദ്ധേയമായി. മാമ്പൊയിൽ ടൗണിലെ തണൽ മരത്തിൽ നന്മയുടെ പ്രതീകമായി 25 നക്ഷത്രങ്ങൾ ഉയർത്തിയാണ് ക്രിസ്തുമസിനെ വരവേറ്റത്. പ്രതീക്ഷ, മത സൗഹാർദ്ദം, സ്നേഹം, കാരുണ്യം, പുഞ്ചിരി, ക്ഷമ, രാജ്യസ്നേഹം തുടങ്ങി വ്യത്യസ്തമായ 25 ആശയങ്ങളുടെ പേരുകളിലുള്ള നക്ഷത്രങ്ങളാണ് മരത്തിൽ ഉയർത്തിയത്. പ്രദേശത്തെ വീടുകാരും സംഘടനകളുമാണ് നക്ഷത്രങ്ങൾ നൽകിയത് .സമാപനം കുറിച്ച് നടന്ന ആഘോഷം മാമ്പൊയിൽ പള്ളി വികാരി ഫാ. ജോസഫ് തുണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഉദയഗിരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ ജോർജ്, ജോസഫ് പാലപ്പള്ളിൽ, മാത്യു ചെരിക്കനാംപുറം, തോമസ് ഇടക്കരക്കണ്ടത്തിൽ, ടോമി കണയങ്കൽ, ബിനു കുരിശുകുന്നേൽ, ബോബി മേപ്രക്കാവിൽ, ജോമോൻ, ജോസ്കുട്ടി പാഴുകുന്നേൽ പ്രസംഗിച്ചു. ബിജു കണയിങ്കൽ അധ്യക്ഷത വഹിച്ചു. സുനിൽ, മുളയന്നൂർ സ്വാഗതം പറഞ്ഞു. കരാക്കെ ഗാനമേളയും നടന്നു.

വെള്ളിക്കീൽ: വെള്ളിക്കീൽ റോഡ് ജംഗ്ഷൻ കുഞ്ഞിമുറ്റം ഫാമിലി സിന്റെ ആഭിമുഖ്യത്തിൽ പുതുവത്സരാഘോഷം സംഘടിപ്പിച്ചു. ചടങ്ങിൽ സബ് ജൂനിയർ ഫുട്ബോൾ ടീമംഗം എം.മഞ്ജുവിനെ അനുമോദിച്ചു.

ദളിത് കോളനിയിൽ മാതൃവേദിയുടെ സ്നേഹസംഗമം

ആലക്കോട്: ദളിത് കോളനിയിൽ മാതൃവേദി നേതൃത്വത്തിൽ സംഘടിപ്പിച്ച സ്നേഹസംഗമം ശ്രദ്ധേയമായി. മാതൃവേദി മേരിഗിരി മേഖലാ കമ്മിറ്റി ആഭിമുഖ്യത്തിൽ പുതുവത്സരാഘോഷത്തിന്റെ ഭാഗമായി കോടോപ്പള്ളി ഹരിജൻ കോളനിയിലാണ് സ്നേഹ സംഗമം സംഘടിപ്പിച്ചത്. വിവാഹജീവിതത്തിന്റെ 50 വർഷം പൂർത്തീകരിച്ച കോളനിയിലെ ദമ്പതികളായ രാമനും കല്യാണിയും ചേർന്ന് കേക്ക് മുറിച്ചു.

മാതൃവേദി അമ്മമാർ സാന്താക്ലോസ് വേഷമണിഞ്ഞ് കോളനി വാസികളെ വേദിയിലേക്ക് സ്വീകരിച്ച് ആനയിച്ചു. കോടോപ്പള്ളി സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. മാത്യു പയ്യനാട്ട് അധ്യക്ഷത വഹിച്ചു. മാതൃവേദി മേരിഗിരി മേഖലാ സെക്രട്ടറി ഷൈനി കൃഷ്ണ തൊടുകയിൽ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ തേജസ്, സിസ്റ്റർ അഞ്ജു, ഡെയ്സി ഷാജി, ലിജി സജി, ലൗലി ജോഷി പ്രസംഗിച്ചു. പുതുവത്സര സമ്മാന വിതരണവും നടന്നു.

മാതൃവേദി മേരിഗിരി മേഖല കമ്മിറ്റി കോടോപ്പള്ളി കോളനിയിൽ നടത്തിയ സ്നേഹ സംഗമത്തിൽ നിന്ന്

ബഹു. അപ്പലേറ്റ് അതോറിറ്റി കണ്ണൂർ മുമ്പാകെ

IA. No. 139/2016 in
R.P.No. 8/2013 in AA 22/05

എക്സിക്യൂട്ടീവ് ഓഫീസർ, പയ്യാവൂർ ദേവസ്വം - ഹരജിക്കാരൻ

നന്ദാനത്ത് മഠത്തിൽ ശ്രീധരൻ നമ്പീശൻ മുതൽ പേർ - എതൃകക്ഷികൾ

രണ്ടാം എതൃകക്ഷി നന്ദാനത്ത് മഠത്തിൽ രതീഷ് S/o. ശ്രീദേവി അമ്മ, ചെറുതാഴം അംശം ദേശം, രാമപുരം, കണ്ണൂർ താലൂക്ക്

മേൽ നമ്പർ ഹരജിയിൽ രണ്ടാം എതൃകക്ഷിക്കുള്ള നോട്ടീസ് കൽപന പതിച്ച് നടത്താൻ കൽപിച്ച് കേസ് പരിഗണിക്കുന്നതിനായി 11-01-2017ന് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

ടി.പി. രാമചന്ദ്രൻ
ഹരജിക്കാർ ഭാഗം അഡ്വക്കേറ്റ്, തളിപ്പറമ്പ

ആവശ്യമുണ്ട്
Accountant (Female)
Staff (Male)
തളിപ്പറമ്പിലും മുൻ പരിചയമുള്ളവർക്കും മുൻഗണന.
Contact:
9544996644
9061227799

ആവശ്യമുണ്ട്
പ്രമുഖ ഇലക്ട്രോണിക് ഷോറൂമിന് ഹൈവേ റോഡിന് അഭിമുഖമായി തളിപ്പറമ്പിലും പയ്യന്നൂരിലും 800 Sqft-100 sqft ഷോറും സ്പെയ്സ് ആവശ്യമുണ്ട്.
Contact:
8129330066

ആവശ്യമുണ്ട്
തളിപ്പറമ്പ, മന്ന, ഭ്രാന്തൻകുന്ന് എന്നിവിടങ്ങളിൽ പ്രവൃത്തിക്കുന്ന ടൈലറിംഗ് ഷോപ്പിലേക്ക് ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്.
9847143355
9447322847

നഷ്ടപ്പെട്ടു
എന്റെ പേരിലുള്ള KL 13 R 4217 ഹീറോഹോണ്ട മോട്ടോർ സൈക്കിളിന്റെ റെജിനൽ ആർ.സി ബുക്ക് പഴയങ്ങാടിയിൽ വെച്ച് നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ ദയവായി താഴെ കാണുന്ന വിലാസത്തിലോ പഴയങ്ങാടി പോലീസ് സ്റ്റേഷനിലോ അറിയിക്കാൻ അപേക്ഷ.
എസ്.വി. സമീർ
S/o. മുസ്തഫ
സിദ്റെ വീട്ടിൽ
നിയർ ഫാറൂഖ് മസ്ജിദ്,
പി.ഒ.പഴയങ്ങാടി (ആർ.എസ്)
കണ്ണൂർ

വീടും സ്ഥലവും വിൽപ്പനക്ക്
കോരൻപീടികയിൽ 13 സെന്റ് സ്ഥലവും മൂന്ന് ബെഡ്റൂമുള്ള വീടും വിൽപ്പനക്ക്.
(പ്രതീക്ഷിക്കുന്ന വില: 26.5 ലക്ഷം)
9995994629
9746148800

സി. ഐ. ടി. യു സായാഹ്ന ധർണ്ണ നടത്തി

ആലക്കോട്: നോട്ട് നിരോധനത്തിലൂടെ ജനജീവിതം ദുരിതത്തിലാക്കിയ കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിച്ച് സി. ഐ.ടി.യു ആലക്കോട് ഏരിയാ കമ്മിറ്റി ആഭിമുഖ്യത്തിൽ കരുവഞ്ചാൽ ടൗണിൽ സായാഹ്ന ധർണ്ണ നടത്തി. പി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. കെ. ജയരാജൻ ഉദ്ഘാടനം ചെയ്തു. ടി.ഒ. തോമസ്, കെ. സുധാകരൻ നായർ, കെ.കെ. പുരുഷോത്തമൻ, എൻ.ജി. ഗിരീഷ് പ്രസംഗിച്ചു. ടി. പ്രഭാകരൻ സ്വാഗതം പറഞ്ഞു.